(ബി) പെരിങ്ങളം നിയോജക മണ്ഡലത്തിൽ നീർത്തടാധിഷ്ഠിത പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നില്ല.

(സി, ഡി) ബാധകമല്ല.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റാങ്ക്ലിസ്റ്റ്

74 [4810] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ നിയമിക്കുന്നതിനുവേണ്ടി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുത്ത പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ?

ഉത്തരം

നിലവിലുണ്ട്.

മിൽമ ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും ശേഖരിച്ച് വിപണനം ചെയ്യുന്ന പാലിന്റെ അളവ്

75 [4811] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ഇപ്പോൾ പ്രതിദിനം എത്ര ലിറ്റർ പാൽ ക്ഷീര സഹകരണ സംഘ ങ്ങളിൽനിന്നും ശേഖരിച്ച് വിപണനം ചെയ്യുന്നു;

(ബി) മേഖലാ യൂണിയനുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും എത്ര ലിറ്റർ പാൽ ശേഖരിക്കുന്നു ണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും സ്വകാര്യ ഏജൻസിയിൽ നിന്നുള്ള പാൽ, മേഖലാ യൂണിയനുകൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 ജൂലായ് 1-ാം തീയതി മുതൽ 20-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം ക്ഷീര സംഘങ്ങളിൽനിന്നും മിൽമ സംഭരിക്കുന്ന പാലിന്റെ പ്രതിദിന ശരാശരി 660885 ലിറ്ററും, വിപണനം ചെയ്യുന്ന പാലിന്റെ പ്രതിദിന ശരാശരി 724083 ലിറ്ററും ആണ്.

(ബി) തിരുവനന്തപുരം മേഖലാ യൂണിയൻ

ശേഖരണം	..	236318 ലിറ്റർ
വിപണനം	..	317390 ലിറ്റർ

എറണാകുളം യൂണിയൻ

ശേഖരണം	..	172072 ലിറ്റർ
വിപണനം	..	173636 ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly

മലബാർ യൂണിയൻ

ശേഖരണം	..	252495 ലിറ്റർ
വിപണനം	..	233057 ലിറ്റർ

(സി) ഏകദേശം 65000 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്.

(ഡി) സ്വകാര്യ ഏജൻസിയിൽനിന്നും പാൽ സ്വീകരിക്കുന്നില്ല.

മിൽമയിൽ അഫിലിയേഷൻ നൽകാത്ത ക്ഷീര സംഘങ്ങൾ

76 [4812] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മിൽമയിൽ അഫിലിയേഷൻ നൽകാത്ത എത്ര ക്ഷീര സംഘങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അഫിലിയേഷൻ ലഭിക്കാത്ത സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള തടസ്സമെന്താണ്; അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) അഫിലിയേഷൻ ലഭിക്കാത്ത ക്ഷീര സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30-6-2003-ലെ കണക്കനുസരിച്ച് 15 ക്ഷീര സഹകരണ സംഘങ്ങളുണ്ട്.

(ബി) അഫിലിയേഷൻ നൽകുന്നതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തതാണ് ക്ഷീര സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിനായുള്ള തടസ്സം, മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു:

1. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുള്ള സംഘം ആയിരിക്കണം.
2. 150 ലിറ്റർ പാൽ പ്രതിദിനം യൂണിയന് നൽകിയിരിക്കണം.
3. സംഘത്തിന്റെ ടേൺ ഓവറിന് ആനുപാതികമായി മേഖലാ യൂണിയനിൽ 100 മുതൽ 250 ഷെയർ (100 രൂപയുടെ) എടുക്കണം. ഏറ്റവും കുറഞ്ഞത് 100 ഷെയർഎടുക്കേണ്ടതുണ്ട്.
4. യൂണിയന് കുടിശ്ശികയൊന്നും അടയ്ക്കുവാൻ ഉണ്ടായിരിക്കരുത്.
5. നിയമാവലി പ്രകാരം പ്രവർത്തിക്കുന്ന സംഘങ്ങൾ ആയിരിക്കണം.

(സി) അഫിലിയേഷൻ നൽകുന്നതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly